കേരള സർക്കാർ

സംഗ്രഹം

വനിത ശിശു വികസന വകുപ്പ് - 2025–26- സൈക്കോ സോഷ്യൽ സർവ്വീസ് പദ്ധതി- ബെസ്റ്റ് വർണ്ണക്കൂട്ട് അവാർഡ് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനിത ശിശു വികസന (ബി) വകുപ്പ്

**G.O.(Rt)270/2025/WCDD** **Dated,10/06/2025**

---

എ.എസ് നമ്പർ : AS/WCD/25/42663 കാലാവധി : 31/03/2026

AS/WCD/25/42663

പരാമർശം:-

1. വനിത ശിശു വികസന ഡയറക്ടറുടെ 29/03/2025 തീയതിയിലെ DWCD/2131/2025 -ICDS A6നമ്പർ കത്ത്.
2. 03/04/2025 ന് ചേർന്ന വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗ നടപടിക്കുറിപ്പ്.
3. സ.ഉ(സാധാ)നം.241/2025/WCDD തീയതി 31/05/2025.

## ഉത്തരവ്

സംസ്ഥാനത്തെ അങ്കണവാടികളോടനുബന്ധിച്ച് പ്രവർത്തിക്കുന്ന കുമാരി ക്ലബ്ബുകൾ പുനരുജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി കുമാരി ക്ലബ്ബുകളെ "വർണ്ണക്കൂട്ട് " എന്ന പേരിൽ പുനഃനാമകരണം ചെയ്യുവാനും വിവിധ പരിപാടികൾ സംഘടിപ്പിക്കുവാനും സംസ്ഥാനത്തെ കൗമാരക്കാരായ പെൺകുട്ടികളുടെ ശാക്തീകരണവും ശാരീരികവും മാനസികവുമായ ഉന്നമനം ലക്ഷ്യമിട്ട് വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും സംസ്ഥാനത്ത് പ്രോജക്ട് തലത്തിലും ജില്ലാ തലത്തിലും മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന അങ്കണവാടികൾ കണ്ടെത്തി അവാർഡ് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. മികച്ച പ്രവർത്തനം കാഴ്ച വയ്ക്കുന്ന 'വർണ്ണക്കൂട്ട് കളെ കണ്ടത്തി ICDS പ്രോജക്റ്റ് ജില്ലാതലങ്ങളിൽ യഥാക്രമം 1250/–, 5000/– എന്ന ക്രമത്തിൽ അവാർഡ് നൽകുവാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ക്ലബ്ബുകളിലെ കുട്ടികൾക്കുള്ള പോഷകാഹാര വിതരണം, ആരോഗ്യ- പോഷണ വിദ്യാഭ്യാസം, നിയമ സാക്ഷരത, ജീവിത നൈപുണ്യ വിദ്യാഭ്യാസം മറ്റു വിവിധ വിഷയങ്ങളിൽ ബോധവൽക്കരണം, സ്കിൽ ഡവലപ്പ്മെന്റ് എന്നീ മേഖലകളിൽ ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ വിലയിരുത്തുകയും മാനദണ്ഡങ്ങൾ അനുസരിച്ച് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ സഹകരണം കൂടി ഉറപ്പാക്കി മികച്ച 'വർണ്ണക്കൂട്ട് കണ്ടെത്തി അവാർഡ് നൽകി വരുന്നു.

(2) മികച്ച വർണ്ണക്കൂട്ട് കണ്ടെത്തി അവാർഡ് നൽകുന്നതിലേക്ക് ചുവടെ പറയും പ്രകാരം ചെലവ്

വരുന്നതാണ്.

| വിഭാഗം | എണ്ണം | ഒരു പ്രൊജക്റ്റിന/ജില്ലയ്ക്ക് അനുവദിക്കുന്ന തുക (Rs) | ആകെ തുക |
|---|---|---|---|
| പ്രൊജക്റ്റ് തലം | 258 | 1250/- | 3,22,500/- |
| ജില്ലാതലം | 14 | 5000/- | 70,000/- |
| ആകെ | | | 3,92,500/- |

(3) 2025-26 സാമ്പത്തിക വർഷവും പ്രോജക്റ്റ് തലത്തിലും ജില്ലാതലത്തിലും മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന അങ്കണവാടികൾ കണ്ടെത്തി അവാർഡ് നൽകേണ്ടതുണ്ട്. ആയതിലേക്ക് ആകെ (258*1250) + (14*5000) = 3,92,500/- രൂപ (മൂന്ന് ലക്ഷത്തി തൊണ്ണൂറ്റി രണ്ടായിരത്തി അഞ്ഞൂറ് രൂപ മാത്രം) ആവശ്യമാണ്. അങ്കണവാടികളെ വനിതകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള കമ്മ്യൂണിറ്റി റിസോഴ്സ് സെന്ററുകളാക്കി വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി 2235-02-102-56 (പി) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 11 കോടി രൂപയിൽ നിന്നും ഇതിനാവശ്യമായ 3,92,500/- രൂപ (മൂന്ന് ലക്ഷത്തി തൊണ്ണൂറ്റി രണ്ടായിരത്തി അഞ്ഞൂറ് രൂപ മാത്രം) അനുവദിച്ച് പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി നൽകണമെന്ന് പരാമർശം(1) പ്രകാരം വനിത ശിശു വികസന ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

(4) 03/04/2025 ന് ചേർന്ന വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗം പ്രസ്തുത പ്രൊപ്പോസലിന് സമഗ്ര ഭരണാനുമതി നൽകുന്നതിലേക്കായി അംഗീകാരം നൽകാൻ തീരുമാനിക്കുകയും , ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം(3) പ്രകാരം ബെസ്റ്റ് വർണ്ണക്കൂട്ട് അവാർഡ് നൽകുന്നതിന് സമഗ്ര ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്.

(5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2025-26 സാമ്പത്തിക വർഷം ബെസ്റ്റ് വർണ്ണക്കൂട്ട് അവാർഡ് നൽകുന്നതിന് അങ്കണവാടികളെ വനിതകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള കമ്മ്യൂണിറ്റി റിസോഴ്സ് സെന്ററുകളാക്കി വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കായുള്ള 2235-02-102-56 (പി) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 11 കോടി രൂപയിൽ നിന്നും ₹3,92,500/- രൂപ (മൂന്ന് ലക്ഷത്തി തൊണ്ണൂറ്റി രണ്ടായിരത്തി അഞ്ഞൂറ് രൂപ മാത്രം) അനുവദിച്ച് പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

AS/WCD/25/42663

<u>പ്രവർത്തിയുടെ പേര്/ നിർദേശങ്ങൾ</u>

| ക്രമ നമ്പർ | പ്രവർത്തികൾ | തുക (രൂപയിൽ ) |
|---|---|---|
| 1 | സൈക്കോ സോഷ്യൽ സർവ്വീസ് പദ്ധതി ബെസ്റ്റ് വർണ്ണക്കൂട്ട് അവാർഡ് 2025 26 പ്രൊപ്പോസൽ അനുമതി ലഭ്യമാക്കുന്നത് സംബന്ധിച്ച് | 3,92,500 |
| ആകെ (മൂന്ന് ലക്ഷത്തി തൊണ്ണൂറ്റി രണ്ടായിരത്തി അഞ്ഞൂറ് രൂപ) | | **3,92,500** |

ഗവർണറുടെ ഉത്തരവിൻ പ്രകാരം ,

അഡീഷണൽ സെക്രട്ടറി

Women and Child Development

To

വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
വനിത ശിശു വികസന (എ) വകുപ്പ്
വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഓർഡർ പ്രകാരം കൈമാറി,

Santhosh Kumar T K

Digitally signed by SANTHOSHKUMAR T K
Date:2025.06.12 12:32:47 +05:30

AS/WCD/25/42663